**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1223** **07-10-2021 - ൽ മറുപടിയ്ക്ക്**

**പാറപ്പുറം-വല്ലംകടവ് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലുവ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പാറപ്പുറം-വല്ലംകടവ് പാലത്തിന്റെ നിർമ്മാണജോലികൾ എത്ര ശതമാനം പൂർത്തിയാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | പാലത്തിന്റെ 60% നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | എന്നുമുതൽക്കാണ് പാലം നിർമ്മാണജോലികൾ നിർത്തിവച്ചതെന്നും എന്തുകാരണത്താലാണ് നിർത്തിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | കരാറുകാരന്റെ ഭാഗത്തെ വീഴ്ച മൂലം പ്രവൃത്തി സ്തംഭനാവസ്ഥിയിലായതിനെ തുടർന്ന് 29.01.2020-ൽ കരാറുകാരന്റെ നഷ്ടോത്തരവാദി ത്വത്തിൽ കരാർ അവസാനിപ്പിച്ചു. |
| (സി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണജോലികൾ പുനരാരംഭിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പാലത്തിന്റെ ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുവേണ്ടി ദർഘാസ് ക്ഷണിക്കുകയും ആയത് അംഗീകാരത്തിനുവേണ്ടി സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും ആയത് പരിശോധിച്ചു വരുകയും ചെയ്യുന്നു. |
| (ഡി) | നിർമ്മാണജോലികൾ പുനരാരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ